സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രവേശനത്തെ സംബന്ധിച്ചും ഫീസിനെ സംബന്ധിച്ചുമുള്ള മാനദണ്ഡം

132 [1542] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതിയോടെ ആരംഭിച്ച സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രവേശനത്തെ സംബന്ധിച്ചും ഫീസിനെ സംബന്ധിച്ചും എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട്;

(ബി) മാനേജ്മെന്റ് കോട്ടയിൽ വരുന്ന 50 ശതമാനം സീറ്റിൽ ഗവൺമെന്റ് നടത്തുന്ന പ്രവേശന പരീക്ഷാ ലിസ്റ്റിൽ നിന്നും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മാനേജ്മെന്റ് കോട്ടയിൽ എടുക്കുന്ന വിദ്യാർത്ഥി പ്രവേശനത്തിന്റെ മാനദണ്ഡമെന്താണ്;

(സി) മാനേജ്മെന്റിന്റെ സീറ്റിൽ എടുക്കുന്ന കുട്ടികളുടെ ഫീസ് ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് തയ്യാറാവുമോ?

ഉത്തരം

(എ) സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ ഫീസും അഡ്മിഷനും സംബന്ധിച്ച സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി പുർത്തിയായി വരുന്നു.

(ബി ആന്റ് സി) ഇക്കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുള്ള നിയമ നിർമ്മാണത്തിൽ പരാമർശിക്കുന്നുണ്ട്.

ആലപ്പുഴ ജില്ലയിൽപ്പെട്ട നൂറനാട്-ഇടക്കുന്ന് ഗവൺമെന്റ് യു.പി. സ്കൂളിൽ ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപിക്കണമെന്ന ആവശ്യം

133 [1543] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തിയൂർ നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട നൂറനാട് ഇടക്കുന്നം ഗവൺമെന്റ് യു. പി. സ്കൂളിൽ ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപിക്കണമെന്ന് പ്രൊപ്പോസൽ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ മേഖലയിലെ മികച്ച ഗവൺമെന്റ് സ്കൂളായ ഇടക്കുന്നം ഗവൺമെന്റ് യു.പി.എസ്. അടിയന്തിരമായി ടെക്നിക്കൽ ഹൈസ്കൂളാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly